**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 738** **11-06-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരപ്പുറ സോളാർ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സോളാർ പ്ലാന്റ് സ്ഥാപിക്കാൻ താല്പര്യമുള്ള ഉപഭോക്താവ് കെ. എസ്. ഇ. ബി. എൽ. സെക്ഷനിൽ ഫീസിബിലിറ്റിക്കു വേണ്ടി 1180/- രൂപ ഫീസ് അടച്ച് നിർദിഷ്ട ഫോമിൽ അപേക്ഷിക്കേണ്ടതാണ്. ഫീസിബിലിറ്റി ലഭിക്കുന്നതിനെ തുടർന്ന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാന്റിന്റെ വിവരങ്ങൾ ഉൾപ്പെടെയുള്ള അപേക്ഷയോടൊപ്പം, ഓരോ കിലോവാട്ടിനും 1000/- രൂപ എന്ന നിരക്കിൽ കെ. എസ്. ഇ. ബി. എൽ. - ൽ അടച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അതിനു ശേഷം ഒരു വർഷത്തിനുള്ളിൽ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റും മതിയായ രേഖകളും സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. തുടർന്ന് കെ.എസ്.ഇ. ബി.എൽ. പ്ലാന്റ് പരിശോധന നടത്തി എനെർജൈസേഷൻ അപ്രൂവൽ നൽകി കഴിഞ്ഞാൽ ഉപഭോക്താവും കെ.എസ്.ഇ.ബി. എൽ-ഉം തമ്മിൽ നെറ്റ് മീറ്റർ എഗ്രിമെന്റിൽ ഏർപ്പെട്ട്, നെറ്റ് മീറ്റർ ഘടിപ്പിച്ച് പ്ലാന്റ് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നതാണ്.<br><br>വ്യക്തികൾക്ക് പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ 'പി. എം. സൂര്യ ഘർ' പദ്ധതിയുടെ https://pmsuryaghar.gov.in എന്ന പോർട്ടലിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി/റെസ്കോ (RESCO) മോഡൽ പദ്ധതിയായി അനെർട്ട് നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ വ്യക്തികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന | (ബി) | **പി. എം. സൂര്യ ഘർ**' പദ്ധതിയുടെ ഗുണഭോക്താക്കളായ വ്യക്തികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA). - 2 kW സിസ്റ്റങ്ങൾക്ക് സിസ്റ്റം ചെലവിന്റെ 60% CFA ഉം 2 മുതൽ 3 kW വരെ ശേഷിയുള്ള സിസ്റ്റങ്ങൾക്ക് അധിക സിസ്റ്റം ചെലവിന്റെ 40 ശതമാനവും ഈ സ്കീം വഴി നൽകുന്നു. കേന്ദ്ര സാമ്പത്തിക സഹായം (CFA) 3 kW ആയി പരിമിതപ്പെടുത്തും. നിലവിൽ 1 kW സിസ്റ്റത്തിന് 30,000/- രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. നിലവിൽ 3 kW വരെയുള്ള റെസിഡൻഷ്യൽ RTS സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഏകദേശം 7% ഈടില്ലാത്ത കുറഞ്ഞ പലിശ വായ്പ ലഭ്യമാണ്.<br><br>സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 10% ഇൻസെന്റീവ് നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വൈദ്യുതി ഉല്പാദകർ കെ.എസ്.ഇ.ബി.ക്ക് പണം നൽകേണ്ടതുണ്ടോ; വിശദമാക്കുമോ? | (സി) | സോളാർ പ്രൊസ്യൂമേഴ്സ് അവരുടെ പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി അവരുടെ ഉപഭോഗത്തിനു ശേഷം ബാക്കി വരുന്നത് കെ. എസ്. ഇ. ബി. എൽ. -ന്റെ ഗ്രിഡിലേക്കു നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഒരു മാസം ഉല്പാദനത്തേക്കാൾ ഉപഭോഗം ഉണ്ടാകുന്ന അവസരത്തിൽ കെ. എസ്. ഇ. ബി. എൽ. കറണ്ട് ചാർജ്ജും ആയതിന്റെ ഡ്യൂട്ടിയും നൽകേണ്ടി വരുന്നു. എന്നാൽ ഫിക്സഡ് ചാർജ്ജ്, മീറ്റർ റെന്റും ജി. സ്. ടി. യും, ഫ്യൂവൽ സർചാർജ്ജ്, ജനറേഷൻ ഡ്യൂട്ടി മുതലായവ എല്ലാ മാസവും നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ